**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3095** **07-10-2025 - ൽ മറുപടിയ്ക്ക്**

**സുസ്ഥിര ജലലഭ്യതക്കായി ഭൂജലസംപോഷണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സുസ്ഥിര ജലലഭ്യത കൈവരിക്കുന്നതിനായി ഭൂജല സംപോഷണ പദ്ധതികൾ ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജലസംരക്ഷണത്തിനായി ഭൂജല വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / കുഴൽക്കിണർ, റീചാർജ്ജ് പിറ്റ് വഴിയുള്ള ഭൂജലസംപോഷണം, ചെറിയ തടയണകളുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിൻ കീഴിൽ നടപ്പിലാക്കി വരുന്നു. കേരളത്തിലെ ഗുരുതര, അർദ്ധ ഗുരുതര ബ്ലോക്കുകളിൽ ഭൂജലസംപോഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പൊതുസ്ഥാപനങ്ങളിലെ ഭൂജല നിർമ്മിതികളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി പ്രധാനമായും നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരണത്തിലൂടെ സമീപപ്രദേശങ്ങളിലെ ജലവിതാനവും മെച്ചപ്പെടുന്നതാണ്.<br><br>കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കി വരുന്ന 'ജൽ ശക്തി അഭിയാൻ' Catch the rain programme -ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ടും കേന്ദ്ര ഫണ്ടും ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.<br><br><u>പ്രവൃത്തികൾ 2024-25</u><br><br>• റീചാർജ്ജ്പിറ്റ് വഴിയുള്ള ഭൂജല പരിപോഷണം - 91 എണ്ണം<br>• തുറന്ന കിണർ റീചാർജ്ജ് പദ്ധതി - 25 എണ്ണം |

- ചെറിയ തടയണകളുടെ നിർമ്മാണം - 4 എണ്ണം
- ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം - 2 എണ്ണം

പ്രവൃത്തികൾ 2025-26

- റീചാർജ്ജ്പിറ്റ് വഴിയുള്ള ഭൂജല പരിപോഷണം - 41എണ്ണം
- തുറന്ന കിണർ റീചാർജ്ജ് പദ്ധതി - 1എണ്ണം
- ചെറിയ തടയണകളുടെ നിർമ്മാണം - 5എണ്ണം
- ചെറിയ കുളങ്ങളുടെ പുനരുദ്ധാരണം - 3എണ്ണം

2016-17 മുതൽ 2024-25 വരെ 1188 എണ്ണം വിവിധ റീചാർജ്ജ് പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും എന്ന ശീർഷകത്തിൽ മഴവെള്ളസംഭരണ, ഭൂജല പരിപോഷണ പ്രവൃത്തികൾ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ജലനിധി മുഖേന ചെയ്തുവരുന്നുണ്ട്.

സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി KRWSA നടപ്പിലാക്കി വരുന്ന "മഴ വെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട അർഹരായ ഗുണഭോക്താക്കൾക്ക് 10,000 ലിറ്റർ മഴവെള്ളം സംഭരിക്കാൻ ശേഷിയുള്ള മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകി വരുന്നു. പ്രസ്തുത മഴവെള്ള സംഭരണികളിൽ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് ഗാർഹിക ഗാർഹികേതര ആവശ്യങ്ങൾക്ക് അതത് കുടുംബങ്ങൾ ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഇപ്രകാരം നിർമ്മിച്ച് നൽകിയ മഴവെള്ള സംഭരണികളിൽ നിന്നും നിറഞ്ഞു കവിഞ്ഞ് ഒഴുകുന്ന ശുദ്ധീകരിച്ച ജലം അവരുടെതന്നെ പുരയിടത്തിലുള്ള തുറന്ന കിണറിലേക്ക് കടത്തിവിട്ട് റീ-ചാർജ്ജ് ചെയ്യുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്. തുറന്ന കിണറുകൾ ഇല്ലാത്ത പുരയിടങ്ങളാണെങ്കിൽ അത്തരം സ്ഥലങ്ങളിൽ കിണറിന് സമീപത്ത് റീ-ചാർജ്ജ് കുഴികൾ തയ്യാറാക്കി അതിലേക്ക് വെള്ളം കടത്തിവിട്ട് റീ-ചാർജ്ജ് നടപ്പിലാക്കുന്നുണ്ട്.

കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി തുറന്ന കിണറുകളിലേക്ക് നേരിട്ട് മഴവെള്ളം മേൽക്കൂരയിൽ നിന്ന് പാത്തി, പൈപ്പ് ഫിൽട്ടർ യൂണിറ്റ് മുതലായവ

| | | | |
|---|---|---|---|
| | | | സ്ഥാപിച്ച് കടത്തി വിട്ട് റീ-ചാർജ്ജ് ചെയ്തു വരുന്നുണ്ട്. സർക്കാരിന്റെ മറ്റൊരു പദ്ധതിയായ "ഗാർഹിക കിണറുകളുടെ സംരക്ഷിതവും സുസ്ഥിരവുമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പദ്ധതി" യുടെ ഭാഗമായി തുറന്ന കിണറുകളുടെ അറ്റ കുറ്റ പണികൾ നടത്തി മേൽക്കൂരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ശാസ്ത്രീയമായി ശേഖരിച്ച് കിണറുകളിലേക്ക് കടത്തിവിട്ട് കിണർ വെള്ളത്തിന്റെ അളവ് ക്രമേണ വർദ്ധിപ്പിക്കുന്നതിന് സഹായകമാകുന്നുണ്ട്. മേൽ വിശദമാക്കിയിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം ഭൂഗർഭ ജലത്തിന്റെ സംപോഷണം ഒരു പരിധിവരെ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്.<br><br>ഭൂജല ദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ/ ഭൂജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ മഴവെള്ളം പരമാവധി സംഭരിക്കുവാനും ഭൂജലപോഷണം സാധ്യമാക്കുന്നതിനുമായി വിവിധ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നു. കുളങ്ങളുടെ സംഭരണശേഷി വർദ്ധിപ്പിക്കാനായി ചെളി/എക്കൽ എന്നിവ മാറ്റുക, തോടുകളിൽ ചെറുതടയണകൾ നിർമ്മിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ ഭൂജലപോഷണം സാധ്യമാകുന്നു. |
| (ബി) | സംസ്ഥാനത്തെ കുഴൽക്കിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പുരോഗതി വിലയിരുത്തിയിട്ടുണ്ട്.<br><br>ഭൂജല വകുപ്പ് നടപ്പിലാക്കി വരുന്ന ഭൂജലാധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതികൾ മറ്റു കുടിവെള്ള സ്രോതസ്സുകൾ ഇല്ലാത്ത പ്രദേശങ്ങളിലാണ്. ഇത്തരം ചെറുകിട കുടിവെള്ള പദ്ധതികൾ പ്രധാനമായും മലയോര പ്രദേശങ്ങളിലും, ട്രൈബൽ ഉന്നതികളിലുമാണ് വകുപ്പ് നടപ്പിലാക്കി വരുന്നത്.<br><br>ഭൂജല വകുപ്പ് പ്ലാൻ ഫണ്ടിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പദ്ധതിയിലും ഉൾപ്പെടുത്തി കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികളും കുടിവെള്ള പദ്ധതികളുടെ നവീകരണവും നടപ്പിലാക്കുന്നുണ്ട്. 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 165 കുഴൽകിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികളും, 129 കുടിവെള്ള പദ്ധതികളുടെ നവീകരണവും, 641 ഹാൻഡ് പമ്പുകളുടെ റിപ്പയർ പ്രവർത്തികളും 18.15 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 13631 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് പദ്ധതിയിലുൾപ്പെടുത്തി 961 കുഴൽക്കിണർ അധിഷ്ഠിത കുടിവെള്ള പദ്ധതികളും, 125 കുടിവെള്ള |

പദ്ധതികളുടെ നവീകരണവും, 424 ഹാൻഡ് പമ്പുകളുടെ റിപ്പയർ പ്രവൃത്തികളും 62.94 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 41026 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിച്ചു.

കേരളാ വാട്ടർ അതോറിറ്റിക്ക് കീഴിലുള്ള ചെറുകിട കുടിവെള്ള പദ്ധതികളുടെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിവിധ തലത്തിലുള്ള അവലോകന യോഗങ്ങൾ വഴി വിലയിരുത്താറുണ്ട്. നിലവിലുള്ള ചെറുകിട കുടിവെള്ള പദ്ധതികളിൽ നവീകരണം ആവശ്യമായ പദ്ധതികൾ ജൽ ജീവൻ മിഷൻ ഉൾപ്പെടെയുള്ള വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കി വരുന്നു. ഈ വർഷം വാട്ടർ അതോറിറ്റി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ **അനുബന്ധമായി** ചേർത്തിരിക്കുന്നു.

ഇടുക്കി ജില്ലയിലെ കട്ടപ്പന മുൻസിപ്പാലിറ്റിയിൽ വലിയകണ്ടം കുടിവെള്ള പദ്ധതിയുടെ കുഴൽ കിണറിലെ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പടുത്തി (ഭരണാനുമതി തുക 19,00,000/- (പത്തൊൻപത് ലക്ഷം രൂപ മാത്രം) രൂപ) അയൺ റിമൂവൽ പ്ലാന്റ്, പ്രെഷർ ഫിൽട്ടർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത കുഴൽ കിണറിൽ നിന്നും ജലത്തിന്റെ അളവ് കുറഞ്ഞത് കാരണം പുതിയൊരു കുഴൽ കിണർ നിർമ്മിക്കുന്നതിനായി ഭൂഗർഭ ജല വകുപ്പ് എസ്റ്റിമേറ്റ് നൽകിയതിൻ പ്രകാരം പ്രസ്തുത പ്രവൃത്തി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ പല്ലശ്ശേന പഞ്ചായത്തിലെ മൂന്ന് ചെറുകിട കുടിവെള്ള പദ്ധതികൾക്കും എലവഞ്ചേരി പഞ്ചായത്തിലെ ഒരു ചെറുകിട കുടിവെള്ള പദ്ധതിയ്ക്കും അഡീഷണൽ സ്രോതസ് ആയി ജലനിധി മുഖേന ബോർവെൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ കാവശ്ശേരി പഞ്ചായത്തിലെ മൂന്നു കുടിവെള്ള പദ്ധതിയ്ക്കും പറളി പഞ്ചായത്തിലെ ഒരു കുടിവെള്ള പദ്ധതിയ്ക്കും അഡീഷണൽ ബോർവെൽ അനുവദിച്ചിട്ടുണ്ട്. ഇവയുടെ നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | കേരളത്തിലെ ജലസ്രോതസ്സുകളെക്കുറിച്ച് പഠനം നടത്തുന്നതിന്റെ ഭാഗമായി വാട്ടർഷെഡ് അടിസ്ഥാനമാക്കിയുള്ള മാസ്റ്റർപ്ലാനുകൾ ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടില്ല.<br><br>എന്നാൽ ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/ പുനരുദ്ധാരണം/ സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് ഏറ്റെടുത്ത് നിർവ്വഹിക്കാറുള്ളതും, ആയതിന്റെ ഫലമായി 1013 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നീരുറവ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതുമാണ്. കൂടാതെ കേരളത്തിലെ 15 ബ്ലോക്കുകളുടെയും, 94 ഗ്രാമ പഞ്ചായത്തുകളുടെയും ജല ബഡ്ജറ്റിംഗ് (ഒരു നദീതടത്തിലോ/നീർത്തടത്തിലോ വിവിധ ആവശ്യങ്ങൾക്കായി വേണ്ടി വരുന്ന ജലവും, ലഭ്യമായ ജലവും തമ്മിലുള്ള അന്തരം) നവകേരളം കർമ്മ പദ്ധതിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ജല ബഡ്ജറ്റിംഗ് നടത്തിയ ബ്ലോക്കുകളുടെയും പഞ്ചായത്തുകളുടെയും ജല കമ്മി മനസ്സിലാക്കി അതനുസരിച്ച് നീരുറവ മാസ്റ്റർ പ്ലാനിലെ പദ്ധതികൾ, ജലസേചന വകുപ്പിലെ സാങ്കേതിക സമിതി കൺവീനർമാർ സാങ്കേതിക പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ വരൾച്ച -വെള്ളപ്പൊക്കം എന്നിവയെ നേരിടുന്നതിന് കൃഷി - ജലസംരക്ഷണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരുന്നു. |
| (ഡി) | സംയോജിത ജലവിഭവ മാനേജ്മെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ? | (ഡി) | നദീതടങ്ങളിൽ ഉടനീളം സംയോജിത ജലവിഭവ മാനേജ്മെന്റ് (IWRM) നടപ്പിലാക്കുന്നതിനുള്ള ഒരു ആധികാരിക മാർഗ്ഗനിർദ്ദേശ ഗൈഡായി സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട്(OPERATIONAL FRAMEWORK FOR INTEGRATED RIVER BASIN CONSERVATION AND MANAGEMENT)2025-ൽ നിലവിൽ വന്നിട്ടുണ്ട്. IWRM- ന്റെ ഒരു മാർഗനിർദേശ അതോറിറ്റിയായി പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ ചട്ടക്കൂട്, ഭരണഘടന, ആസൂത്രണ രീതികൾ, സാമ്പത്തിക മാനേജ്മെന്റ് എന്നിവയുൾപ്പെടെയുള്ള അവശ്യ ഘടകങ്ങളുടെ രൂപരേഖ നൽകുന്നു. |

| | | | |
|---|---|---|---|
| | | | സർക്കാർ ഏജൻസികൾ, പ്രാദേശിക സമൂഹങ്ങൾ, സിവിൽ സൊസൈറ്റി, സ്വകാര്യ മേഖല എന്നിവയ്ക്കിടയിലുള്ള സഹകരണത്തിന് ഊന്നൽ നൽകുന്നു, സുസ്ഥിര നദീതട പരിപാലനത്തിനായി എല്ലാ പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ തയ്യാറാക്കുന്ന സെക്ടറിൽ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കും പദ്ധതികൾ/പ്രവൃത്തികൾ ആവിഷ്കരിക്കുന്നത്.<br><br>ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുന്ന വിവിധ വകുപ്പുകളുടെ സംയോജിത ജല വിഭവ മാനേജ്മെന്റ് പ്രവർത്തനങ്ങളിലൂടെയുള്ള സുസ്ഥിര ത്രിത്താല, പുഴയോഴും മാണിക്കൽ, സമഗ്ര കൊട്ടാരക്കര, ജലമിത്ര - തെളിനീരൊഴുകും റാന്നി എന്നീ പദ്ധതികൾക്കായി ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയുക്തമാക്കി ഭൂജല സംപോഷണ പദ്ധതികളും, ചെറുകിട കുടിവെള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | പദ്ധതിയുടെ പേര് | ട്യൂബ് വെൽ/ ബോർ വെൽ ലൊക്കേഷൻ | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | താമരക്കുളം ഗ്രാമീണ കുടിവെള്ള പദ്ധതി | ഇരപ്പൻ പാറ, നടീൽ വയൽ | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 2 | താമരക്കുളം ഗ്രാമീണ കുടിവെള്ള പദ്ധതി | നാട്ടുവാതുക്കൽ | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 3 | പാലമേൽ ഗ്രാമീണ കുടിവെള്ള പദ്ധതി | ഉളവുകാട് | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 4 | വള്ളികുന്നം ഗ്രാമീണ കുടിവെള്ള പദ്ധതി | പുത്തൻ ചന്ത-പുതുശ്ശേരിഭാഗം | കുഴൽ കിണർ നിർമ്മിക്കാനായി ഭൂജല വകുപ്പിന് തുക ഒടുക്കിയിട്ടുണ്ട്. |
| 5 | തെക്കേക്കര ഗ്രാമീണ കുടിവെള്ള പദ്ധതി | ജനാധിപത്യ വായനശാല, വാത്തികുളം | കുഴൽ കിണർ നിർമ്മിക്കാനായി ഭൂജല വകുപ്പിന് തുക ഒടുക്കിയിട്ടുണ്ട്. |
| 6 | കുമാരപുരം ഗ്രാമീണ കുടിവെള്ള പദ്ധതി | വാർഡ് നമ്പർ 14 | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 7 | ആറാട്ടുപുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | കനക്കുന്ന് | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 8 | തൃക്കുന്നപ്പുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | വാർഡ് നമ്പർ.3 | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 9 | ആറാട്ടുപുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | വട്ടച്ചാൽ | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 10 | കാർത്തികപ്പള്ളി ഗ്രാമീണ കുടിവെള്ള പദ്ധതി | വാർഡ് നമ്പർ 14 | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 11 | ആറാട്ടുപുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | നല്ലാണിക്കൽ | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |

| | | | |
|---|---|---|---|
| 12 | കണ്ടല്ലൂർ ഗ്രാമീണ കുടിവെള്ള പദ്ധതി | മാങ്കുളം | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 13 | കാർത്തികപ്പള്ളി ഗ്രാമീണ കുടിവെള്ള പദ്ധതി | മാർക്കറ്റ് | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 14 | കണ്ടല്ലൂർ ഗ്രാമീണ കുടിവെള്ള പദ്ധതി | പൊന്നുരുട്ട് | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 15 | കരുവാറ്റ ഗ്രാമീണ കുടിവെള്ള പദ്ധതി | വക്കനച്ചൽ | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 16 | തൃക്കുന്നപ്പുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | വലിയപറമ്പ് | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 17 | കാർത്തികപ്പള്ളി ഗ്രാമീണ കുടിവെള്ള പദ്ധതി | വാർഡ് നമ്പർ.13 | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 18 | തൃക്കുന്നപ്പുഴ ഗ്രാമീണ കുടിവെള്ള പദ്ധതി | വാർഡ് നമ്പർ.11 | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 19 | കായംകുളം നഗര കുടിവെള്ള പദ്ധതി | മച്ചംകുളം | പ്രവൃത്തി പൂർത്തീകരിച്ചു, കമ്മീഷൻ ചെയ്തു. |
| 20 | കരുവാറ്റ ഗ്രാമീണ കുടിവെള്ള പദ്ധതി | വാർഡ് നമ്പർ.8 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 21 | പള്ളിപ്പാട് ഗ്രാമീണ കുടിവെള്ള പദ്ധതി | അമ്പിയിൽ കോളനി | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 22 | ആറാട്ടുപുഴ | വാർഡ് നമ്പർ.18 | പ്രവൃത്തി പുരോഗമിച്ചു വരുന്നു. |
| 23 | കരുവാറ്റ | കരുവാറ്റ | പുതുതായി ഡെവലപ്മെന്റ് പൂർത്തീകരിച്ചു |
| 24 | ആറാട്ടുപുഴ | നെല്ലാനിക്കൽ | |
| 25 | പള്ളിപ്പാട് | വഴുതാനം | |

(signature)

**സെക്ഷൻ ഓഫീസർ**